മി.സ്പീക്കർ : ശ്രീ. പി. സി. ജോർജ്. അങ്ങേക്ക് ഒരിക്കൽ അനുവദിച്ച സബ്മിഷനാണ്. പിന്നീട് ഡെവലപ്മെന്റ് ഉണ്ടായി. അതുകൊണ്ട് ബ്രീഫ് ആയിട്ട് പറയുക.

(2) റിയാസ് എന്ന കുട്ടി യഥാസമയം ചികിത്സ കിട്ടാതെ മരണപ്പെട്ട സംഭവം

ശ്രീ. പി. സി. ജോർജ് : സർ, പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽനിന്നും വെന്റിലേറ്റർ സൗകര്യമുള്ള ആംബുലൻസിൽ കൊണ്ടുപോയി റിയാസ് എന്ന 12 വയസ്സുള്ള കുട്ടിക്ക് കോട്ടയം മെഡിക്കൽ കോളേജിനു മുൻവശത്ത് നാലര മണിക്കൂർ കിടക്കേണ്ട ഗതികേടുണ്ടായി. ആ കുട്ടി മരിച്ചു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശക്തമായ നടപടി സ്വീകരിക്കുമെന്ന് പറയുകയുണ്ടായി. സൂപ്രണ്ടിനെ മാറ്റി, സീനിയർ ഡോക്ടറെ സസ്പെൻഡ് ചെയ്തു. ഈ വാർത്തകൾ പത്രത്തിൽ വരുമ്പോൾ മെഡിക്കൽ കോളേജിലേക്ക് ഒരു ജീവൻ രക്ഷിക്കാൻ ഒരു രോഗിയെ പറഞ്ഞുവിടാൻ പറ്റുമോ എന്നുള്ള തെറ്റിദ്ധാരണ ജനങ്ങളിൽ ഉണ്ടാകുന്നു എന്നുള്ളത് വലിയ അപകടകരമായ സ്ഥിതിയാണ്. ഒരു വെന്റിലേറ്റർ എന്നുപറഞ്ഞാൽ 5 ലക്ഷം രൂപയ്ക്ക് കിട്ടുന്ന സാധനമാണ്. പ്രൈവറ്റ് ആശുപത്രിയിൽ അതിന് 6000 രൂപയാണ് ഈടാക്കുന്നത്. പുഷ്പഗിരി ആശുപത്രിയിൽ ഈ കുട്ടിയോട് 20,000 രൂപ ഫീസ് വാങ്ങിയിട്ടാണ് മെഡിക്കൽ കോളേജിലേക്ക് അയച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്പോൾ സ്വാഭാവികമായും ഏറ്റവും അപകടകരമായ സ്ഥിതിയിൽ പ്രൈവറ്റ് ആശുപത്രികളിൽനിന്നും ഉപേക്ഷിക്കപ്പെട്ടാണ് മെഡിക്കൽ കോളേജുകളിൽ എത്തുന്നത് എന്ന് നാം മനസ്സിലാക്കണം. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് മാത്രമേ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ളൂ. കോട്ടയം മെഡിക്കൽ കോളേജിൽ ഞാൻ പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് ആകെ 256 നഴ്സുമാരാണ് അവിടെയുള്ളത്. 600 നഴ്സുമാരുടെ ഒഴിവ് അവിടെയുണ്ട്. 300 ഡോക്ടർമാരുണ്ട്. ആവശ്യത്തിന് സൗകര്യങ്ങളില്ല. ഈ കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാതെ മെഡിക്കൽ കോളേജിനെപ്പറ്റിയുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്തുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുന്നത് ശരിയല്ല. പ്രൈവറ്റ് ആശുപത്രികളിലേയും മെഡിക്കൽ കോളേജുകളിലേയും ശമ്പളം തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഗവൺമെന്റ് ആശുപത്രികളിൽ ശമ്പളം കുറവാണ്. പക്ഷേ സേവനത്തിന്റെ ഒരു മാർഗ്ഗമെന്നുള്ള നിലയ്ക്ക് നമ്മുടെ ഡോക്ടർമാർ അതിനുള്ള മര്യാദ പ്രകടിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. പക്ഷേ ഇത്തവണ മെഡിക്കൽ കോളേജിൽ സൂപ്രണ്ട് ആയിട്ട് ഡോ. അശോകൻ വന്നു. ഇന്റർവ്യൂ നടത്തിയപ്പോൾ പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ ഉൾപ്പെടെയുള്ളവരെ താഴെയാക്കി ഗവൺമെന്റ് ഇടപെട്ട് ഡോ. അശോകനെ സൂപ്രണ്ടാക്കി. അതോടുകൂടി സീനിയറായ ഡോക്ടർമാരും സൂപ്രണ്ടും തമ്മിൽ തർക്കമുണ്ടായി. ഗവൺമെന്റ് കാണിച്ച തെറ്റാണ് മെഡിക്കൽ കോളേജിൽ ഇത് ഉണ്ടാകാൻ കാരണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അങ്ങയുടെ കുഴപ്പമല്ല, അങ്ങേക്ക് മുമ്പ് ഉണ്ടായിരുന്ന മന്ത്രി ചെയ്ത മഹാപാപം. മെഡിക്കൽ കോളേജുകൾ പോലുള്ള സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളിൽ വിശ്വാസം ഉണ്ടാക്കാൻ കഴിയുന്ന സ്ഥാപനങ്ങളാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം മെഡിക്കൽ കോളേജിന്റെ നൻമയ്ക്കുവേണ്ടി, ഈ സ്ഥാപനങ്ങൾ ജനങ്ങളിൽ വിശ്വാസമുണ്ടാക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് ആവശ്യമായ ഡോക്ടർമാരേയും നഴ്സുമാരേയും നിയമിക്കുകയും എക്യൂപ്മെന്റ്സ് കൊടുക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : മെഡിക്കൽ കോളേജുകൾക്ക് പരിമിതികളുണ്ടെങ്കിലും രോഗികളോട് കാണിക്കുന്ന മനുഷ്യത്വപരമായ പെരുമാറ്റത്തെ അങ്ങയുടെ സബ്മിഷൻ കൊണ്ട് കുറച്ചു കാണിക്കരുത്. കോട്ടയം മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത് ശ്രീ. തോമസ് ചാഴികാടന്റെ മണ്ഡലത്തിലാണ്.

ശ്രീ. തോമസ് ചാഴികാടൻ : സർ, കോട്ടയം മെഡിക്കൽ കോളേജ് എന്റെ മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ആഴ്ചയിൽ ആറു ദിവസമെങ്കിലും ഞാൻ അവിടെ പോകാറുണ്ട്. ഞാൻ ഇന്നലെ ഇങ്ങോട്ട് പോരുമ്പോൾ ബസ്സിലാണ് യാത്ര ചെയ്തത്. എനിക്ക് ഒരു ടെലിഫോൺ വന്നു. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ചെയ്ത നടപടികളെ ഞാൻ അഭിനന്ദിക്കുകയാണ്. അവിടെ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്തു. ഇപ്പോൾ അവിടെയുള്ള ഒരു പ്രശ്നം, ആ മെഡിക്കൽ കോളേജിൽ ന്യൂറോ സർജറി വിഭാഗത്തിൽ ഒരു പ്രൊഫസറുടേയും രണ്ട് അസോസിയേറ്റ് പ്രൊഫസറുടേയും ഒഴിവുകൾ നികത്താതെ കിടക്കുകയാണ്. അവിടെ രണ്ട് ട്യൂട്ടർമാർ മാത്രമാണ് ഉള്ളത്. ആ ട്യൂട്ടർമാർക്ക് മാത്രം ഹാൻഡിൽ ചെയ്യാൻ പറ്റാത്ത സാഹചര്യമാണ് വന്നിരിക്കുന്നത്. ഇന്നലെ ഉണ്ടായ ഒരു അനുഭവം, ആക്സിഡന്റ് പറ്റിയ ഒരു രോഗി വളരെ സീരിയസ്സായി മെഡിക്കൽ കോളേജിൽ വന്നപ്പോൾ ന്യൂറോ സർജൻ ഇല്ലാത്തതുകൊണ്ട് പ്രൈവറ്റ് ഹോസ്പിറ്റലിലേക്ക് മാറ്റി. ആ സാഹചര്യം ഉണ്ടായി. ആ സാഹചര്യത്തിന് അടിയന്തിരമായി മാറ്റമുണ്ടാകണം. അവിടെ ന്യൂറോ സർജനെ പോസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് സഭയിൽ ചർച്ചയ്ക്ക് വന്നത്. മനസ്സാക്ഷി പൂർണ്ണമായി ഉണരേണ്ട ഒരു സന്ദർഭമാണിത്. ഇന്ന് മലയാള മനോരമയിൽ ഒരു എഡിറ്റോറിയൽ വന്നു. മനസ്സാക്ഷിക്കും രോഗമുണ്ടാകുമോ എന്നുള്ളതാണ് ചോദ്യം. ഇത് ഈ സഭയുടെ മൊത്തം ചിന്തയായി കൊണ്ടുവരാൻ കഴിയണം. കോടിക്കണക്കിന് രൂപയാണ് മെഡിക്കൽ കോളേജ് എന്ന നിലയിൽ, ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ എന്നുള്ള രീതിയിൽ സംസ്ഥാനത്ത് ചെലവാക്കുന്നത്. ഇത് സ്വകാര്യ സ്ഥാപനങ്ങളല്ല. നമ്മുടെ സംസ്ഥാനത്തെ മൂന്നു കോടി ജനങ്ങൾക്കും ഇവിടെ വന്നെത്തുന്ന ആളുകൾക്കും ചികിത്സ ലഭിക്കുന്നതിനുവേണ്ടി പണം ഇല്ലാത്ത സംസ്ഥാനം കോടിക്കണക്കിന് രൂപ ചെലവാക്കുന്നു. അതിന്റെ പ്രയോജനം ജനങ്ങൾക്ക് കിട്ടിയേ മതിയാകൂ. അതുകൊണ്ടാണ് രോഗികളോട് സൗഹാർദ്ദമായ സമീപനം സ്വീകരിക്കുമെന്ന് ഗവൺമെന്റ് പറഞ്ഞത്. അതിൽ നിന്ന് മാറുന്ന പ്രശ്നമില്ല. കോട്ടയം മെഡിക്കൽ കോളേജിൽ ന്യൂറോ സർജറി വിഭാഗത്തിൽ ആളില്ലെന്ന് ശ്രീ. തോമസ് ചാഴികാടൻ പറയുകയുണ്ടായി. അവിടെ ആളെ പോസ്റ്റ് ചെയ്തു. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സൂപ്രണ്ടിന്റെ നിയമനത്തെക്കുറിച്ച് ഒരു

LIBRARY ARCHIVES Kerala Legislative Assembly

തർക്കത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ആരേയും കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഈ കസേരയിൽ ആളുകൾ വരികയും പോകുകയും ചെയ്യും. വരുന്നവർ മുമ്പുള്ളവർ മോശമെന്നു പറയുന്നത് ഒരു ശരാശരി രാഷ്ട്രീയ പ്രയോഗം എന്നുള്ളതല്ലാതെ ഞാൻ അതിൽ മഹത്വം കാണുന്നില്ല. കോട്ടയം മെഡിക്കൽ കോളേജിലെ സൂപ്രണ്ടിനെ കോഴിക്കോട്ടേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. അവിടെ മെഡിക്കൽ കോളേജിലെ ഏറ്റവും സീനിയർമോസ്റ്റ് ആയിട്ടുള്ള ഡോ. സിറിയക്കിന് സൂപ്രണ്ടിന്റെ ചാർജ്ജ് കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഞാൻ പറയുന്നത് ഗവൺമെന്റ് സ്റ്റാൻഡാണ്. അതിനുപുറമേ ഇന്ന് മൂന്ന് മണിക്ക് ആ മെഡിക്കൽ കോളേജിലെ മറ്റ് കാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ ബന്ധപ്പെട്ട ആളുകളുടെ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇതുകൂടാതെ ഈ മെഡിക്കൽ കോളേജിലെ പ്രത്യേകമായ കാര്യത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ച് സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ അഡീഷണൽ സെക്രട്ടറി ശ്രീ. രാജൻ ഗോബ്രഹെഡെയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഗവൺമെന്റ് ഒരു കാര്യം കൂടി ചെയ്യാൻ ആഗ്രഹിക്കുകയാണ്. കോട്ടയം മെഡിക്കൽ കോളേജിലെ ഇന്നുള്ള അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എം.എൽ.എ., എം.പി., ത്രിതല പഞ്ചായത്ത് സമിതിയിൽപ്പെട്ട ആളുകൾ, മെഡിക്കൽ കോളേജ് നന്നാകണമെന്ന് ആഗ്രഹിക്കുന്നവർ തുടങ്ങി ഇതുമായി ബന്ധപ്പെട്ട ആളുകളേയും ഈ സബ്മിഷൻ ഉന്നയിച്ചതുകൊണ്ട് ശ്രീ. പി. സി. ജോർജിനേയും ഉൾപ്പെടുത്തിക്കൊണ്ട് ചർച്ച നടത്തി ഈ മെഡിക്കൽ കോളേജ് നന്നാക്കുന്നതിന് ഒരു പോസിറ്റീവായിട്ടുള്ള നിർദ്ദേശം വയ്ക്കാൻ ശ്രമിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡോക്ടർക്ക് പാമ്പു കടിയേറ്റു. ചുറ്റുവട്ടത്തുള്ള കാടുകളാണ് പ്രശ്നം. തിരുവനന്തപുരം മെഡിക്കൽ കോളേജിനും എസ്. എ. ടി.-ക്കും ചുറ്റുവട്ടത്തുള്ള മുഴുവൻ കാടും വെട്ടി തെളിയ്ക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. രോഗി വരാന്തയിൽ കിടക്കുന്നത് എന്റെ കുറ്റമാണോ? ഉള്ള ബെഡ്ഡിനേക്കാൾ കൂടുതൽ രോഗികൾ വന്നാൽ അവരെ ഇറക്കിവിടാൻ കഴിയുകയില്ല. ഉള്ള സൗകര്യത്തിൽ അക്കോമഡേറ്റ് ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. ഇക്കാര്യത്തിൽ നമ്മളെല്ലാപേരും വിട്ടുവീഴ്ച കാണിക്കണം. എല്ലാ ഭാഗത്തുനിന്നുമുള്ള സഹായം വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : കോട്ടയം മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ മാത്രമല്ല നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെപ്പറ്റി നിരന്തരമായി ഉയർന്നുവരുന്ന പരാതികൾ വളരെ ഗൗരവതരമായി കണക്കിലെടുക്കേണ്ടതാണ്. ഒരു ദിക്കിൽ മാത്രം ഒതുക്കരുത്. മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ ഒരു പ്രത്യേക ഇനിഷ്യേറ്റീവ് മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞ നിർദ്ദേശത്തെക്കുറിച്ച് ഞാൻ പറയാൻ തുടങ്ങിയ സമയത്താണ് അങ്ങ് വീണ്ടും പറഞ്ഞത്. അങ്ങേക്ക് ഇതിനകത്തുള്ള തീവ്രമായ താല്പര്യം ഞാൻ കാണുകയാണ്. കേരളം സാമ്പത്തികമായി ശേഷിയില്ലാത്ത ഒരു സംസ്ഥാനമാണ്. എല്ലാപേരുടേയും സഹായം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെങ്കിൽ മാത്രമേ ഇത് നടക്കുകയുള്ളൂ. അതുകൊണ്ടാണ് സ്പോൺസറിംഗ് സ്കീം നടപ്പിലാക്കാൻ ശ്രമിക്കുന്നത്. അതോടൊപ്പംതന്നെ നമ്മുടെ ചികിത്സാ കേന്ദ്രങ്ങൾ നന്നാക്കുന്നതിനുവേണ്ടി എല്ലാ പരിശ്രമങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഉറപ്പ് നൽകുകയാണ്.

(3) വ്യാജ സി.ഡി. നിർമ്മാണം ഗുണ്ടാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന ആവശ്യം

ശ്രീ. കെ. ബാബു : സർ, വ്യാജ സി. ഡി. നിർമ്മാണം മലയാള സിനിമാ വ്യവസായത്തെ തകർത്തുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിൽ ഇറങ്ങിയ തൻമാത്ര, അച്ഛനുറങ്ങാത്ത വീട്, ബസ് കണ്ടക്ടർ എന്നീ സിനിമകൾക്കുപോലും ഇന്ന് വ്യാജ സി.ഡി. ലഭ്യമാണ്. സിനിമാ വ്യവസായമെന്നു പറയുമ്പോൾ സൂപ്പർസ്റ്റാർമാരുടെ പ്രശ്നം മാത്രമല്ല. ഇതുമായി ആയിരക്കണക്കിന് സാധാരണ തൊഴിലാളികൾ ബന്ധപ്പെടുന്നുണ്ട്. തമിഴ്നാട്ടിൽ വ്യാജ സി.ഡി. നിർമ്മാണം ഗുണ്ടാ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി പറയപ്പെടുന്നുണ്ട്. ഗവൺമെന്റ് ഫലപ്രദമായി പല നടപടികളും സ്വീകരിക്കാൻ ശ്രമിച്ചുവെങ്കിലും വ്യാജ സി.ഡി. നിർമ്മാണം ഇപ്പോഴും സജീവമായി നടന്നുകൊണ്ടിരിക്കുകയാണ്. മിനിമം മൂന്ന് കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കിയാണ് സാധാരണ സിനിമപോലും ഇറക്കുന്നത്. മലയാള സിനിമയ്ക്ക് പരിമിതികൾ വളരെയേറെയാണ്. വ്യാജ സി.ഡി. നിർമ്മാണം മലയാള സിനിമയെ പ്രതികൂലമായി ബാധിക്കുകയാണ്. ഈ വ്യവസായം തകർച്ചയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇത് തടയാൻ അടിയന്തിരമായി എല്ലാ നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.വക്കം പുരുഷോത്തമൻ) : സർ, വ്യാജ സി.ഡി. നിർമ്മാണം സിനിമാ വ്യവസായത്തിന് വളരെ കുഴപ്പമുണ്ടാക്കുന്ന ഒരു ഏർപ്പാടായി മാറിയിട്ടുണ്ട്. പുതിയ സിനിമ റിലീസ് ആകുമ്പോൾത്തന്നെ അതോടൊപ്പം വ്യാജ സി.ഡി.-യും ഇറങ്ങുന്നു എന്നുള്ളത് ആ വ്യവസായത്തെ സാരമായി ബാധിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ആളുകൾ എന്നെ കാണുകയുണ്ടായി. ഇത് തമിഴ്നാട്ടിൽ ഗുണ്ടാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെന്നറിയുന്നു. എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഏതായാലും അവരോട് അതിന്റെ കോപ്പി കൊണ്ടുവരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിശോധിക്കാം. ഇപ്പോൾത്തന്നെ കോപ്പി റൈറ്റ്സ് ആക്ടിന്റെ പരിധിയിൽ ഇത് വരുന്നതാണ്. അതനുസരിച്ച് സബ് ഇൻസ്പെക്ടർക്ക് താഴെയല്ലാത്ത പോലീസ് ഉദ്യോഗസ്ഥന് ഇത് പരിശോധിക്കാനും കേസ് എടുക്കാനും അധികാരമുണ്ട്. അത് ഫലപ്രദമാകുന്നില്ലായെന്നാണ് നിവേദനം. ഇത് ഗുണ്ടാ ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നാൽ ഫലപ്രദമായി തടയാൻ കഴിയുമെന്ന്. അവർ വിശ്വസിക്കുന്നു. അതുകൊണ്ട് പരിശോധിക്കാമെന്ന് ഞാൻ സമ്മതിച്ചിട്ടുണ്ട്. അത് പരിശോധിക്കാമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly